LIBRARY ARCHIVES Kerala Legislative Assembly

സി.എഫ്.എൽ.വിളക്കുകളും യു.എൻ.ഏജൻസിയുടെ കാർബൺ ക്രെഡിറ്റും

179 (4242) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി.എഫ്. ലാമ്പുകളുടെ വിതരണംമൂലം കാർബൺ മലിനീകരണവും ആഗോള താപനവും കുറയ്ക്കുവാൻ കഴിഞ്ഞോ ;

(ബി) എങ്കിൽ യു.എൻ. ഏജൻസി നൽകുന്ന കാർബൺ ക്രെഡിറ്റ് ലഭിക്കുന്നതിനായി കേരള സംസ്ഥാന വൈദ്യുതി ബോർഡ് ശ്രമിക്കുന്നുണ്ടോ ?

ഉത്തരം

(എ) കേരളത്തിൽ നടപ്പിലാക്കുന്ന സി.എഫ്.എൽ. വിതരണ പദ്ധതി പൂർത്തിയായിക്കഴിഞ്ഞിട്ടില്ല. വിതരണം ചെയ്ത സി.എഫ്.എൽ.കളുടെ ഉപയോഗത്തിലൂടെ വൈദ്യുതി ലാഭം നേടാനായിട്ടുണ്ട്. എന്നാൽ ഇതുവഴി നേടാനായ കാർബൺ മലിനീകരണത്തിന്റെ തോത് ഇതിനായി UNFCCC പോലുള്ള സ്ഥാപനങ്ങൾ നിശ്ചയിച്ചിരിക്കുന്ന സ്റ്റാൻഡേർഡിനനുസരിച്ചാണ് കണക്കാക്കുന്നത്. ഈ പദ്ധതിക്ക് അത്തരത്തിലുള്ള വിലയിരുത്തലുകൾ നടന്നുവരുന്നതേയുള്ളു.

സി.എഫ്.ലാമ്പുകളുടെ വിതരണം പൂർത്തിയായാൽ പ്രതിവർഷം 8 ലക്ഷം ടൺ ഹരിതഗൃഹ വാതകങ്ങളുടെ നിർഗ്ഗമനക്കുറവ് ഉണ്ടാകും എന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ബി) കാർബൺ ക്രെഡിറ്റ് ലഭിക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കാർബൺ ക്രെഡിറ്റിന്റെ 11% കേരള സംസ്ഥാന വൈദ്യുതി ബോർഡിന് ലഭിയ്ക്കും.

സി. എഫ്. ലാമ്പ് വാങ്ങാൻ സ്വീകരിച്ച നടപടി ക്രമങ്ങൾ

180 (4243) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി., സി.എഫ്. ലാമ്പുകൾ വാങ്ങാൻ സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെ ; എത്ര കമ്പനികൾ ക്വട്ടേഷൻ നൽകി ;

(ബി) അവ ഏതൊക്കെ ; ആവശ്യപ്പെട്ട നിരക്കുകൾ എത്ര ?

ഉത്തരം

(എ) കെ.എസ്.ഇ.ബോർഡിൽ നിലവിലുള്ള എല്ലാ നിയമങ്ങളും മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് ടെൻഡർ നമ്പർ TCM.35/2009-10 പ്രകാരം ഒന്നര കോടി സി.എഫ്.ലാമ്പ് വാങ്ങാൻ ബോർഡ് നടപടി സ്വീകരിച്ചു.